അഞ്ച്
## ദുഃസ്വഭാവങ്ങൾ

അവൻെറ സ്വഭാവം മോശമാണെന്ന് പലരും പറയാറില്ലേ? പലരിലും ഉണ്ട് ചെറിയ ചെറിയ ദുഃസ്വഭാവങ്ങൾ അല്ലേ? അത് മുഴുവൻ മാറ്റിയെടുക്കാൻ ഒരിക്കലും സാധിക്കുകയില്ല.

ചിലർ വേഗം ദേഷ്യം പിടിക്കും. ചിലർ കള്ളം പറയും. ചിലർ മറ്റുള്ളവരെ വഞ്ചിക്കും. ഇല്ലാത്തത് പറഞ്ഞു നടക്കും. ഇതൊക്കെ ദുഃസ്വഭാവങ്ങളാണെന്നു മാത്രമല്ല, ദോഷവുമാണ്.

ചിലർക്ക് അഹങ്കാരം കൂടുതലായിരിക്കും. ഞാൻ വലിയവൻ, എൻെറതാണ് ശരി എന്നായിരിക്കും അയാൾ സ്വന്തത്തെപ്പറ്റി കരുതുക. ഇത് ഒരുതരം രോഗമാണ്. പിശാചാണ് ഈ രോഗം ഉണ്ടാക്കുന്നത്. അതിന് കാരണമായി അയാൾക്ക് ചിലപ്പോൾ ഉയർന്ന ജോലിയും പണവും ജീവിത സൗകര്യങ്ങളും ഒക്കെ ഉണ്ടാകാം.

ഈ ലോകത്ത് എന്തുതന്നെ ഉണ്ടായാലും അതൊക്കെ നമ്മെ പരീക്ഷിക്കാനായി ദൈവം നല്കുന്നതാണ്. അതിൻെറ പേരിൽ അഹങ്കരിക്കുന്നത് വിഢിത്തമാണ്.

ചിലർ അസൂയക്കാരാകാം. അത്തരക്കാർക്ക് ഒരിക്കലും നന്മ ലഭിക്കുകയില്ല. അവരുടെ മനസ്സിൽ മറ്റുള്ളവരെപ്പറ്റി എപ്പോഴും ഒരു തരം അസ്വസ്ഥതയും വിദ്വേഷവുമായിരിക്കും. അവർക്ക് ഒരിക്കലും സന്തോഷമുണ്ടാകില്ല. അസൂയ നന്മകളെ നശിപ്പിക്കുമെന്ന് മുഹമ്മദ് നബി പഠിപ്പിക്കുകയുണ്ടായി.

ചിലർ മറ്റുള്ളവരെ താഴ്ത്തിക്കെട്ടുന്നവരായിരിക്കും. അവന് എൻെറയത്ര സൗകര്യവും സമ്പത്തുമില്ല. അവനെക്കാൾ ഞാനാണ് ഉയർന്നവൻ എന്നായിരിക്കും അയാൾ ചിന്തിക്കുക. ഇങ്ങനെ വിചാരിക്കുന്നത് പാപമാകുന്നു. നല്ലവനും ഉയർന്നവനും ആരാണെന്ന് നിശ്ചയിക്കാനുള്ള അവകാശം ദൈവത്തിനു മാത്രമേയുള്ളൂ. അതിനുള്ള തെളിവ് പണമല്ല. ദൈവത്തോടുള്ള ഭക്തിയും അനുസരണവും എത്രയുണ്ടോ അതിനനുസരിച്ചാണ് ഉയർന്നവൻ നല്ലവൻ എന്നൊക്കെ കണക്കാക്കാൻ പറ്റുകയുള്ളൂ. അത് കണക്കാക്കേണ്ടത് ദൈവമാണ്.

അഹങ്കരിക്കുന്നവരും മറ്റുള്ളവരെ താഴ്ത്തിക്കെട്ടുന്നവരും നല്ലവരല്ല എന്നു നാം മനസ്സിലാക്കുക. അത്തരം ദുഃസ്വഭാവങ്ങൾ നമുക്ക് ഉണ്ടെങ്കിൽ അത് മാറ്റണം. കാരണം, നമുക്ക് ഒരിക്കലും വിജയം ലഭിക്കില്ല.

ഈ പാഠത്തിലെ പല സംഗതികളെക്കുറിച്ചും നമുക്ക് പിന്നീട് മനസ്സിലാക്കാം.